# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.112 .  13.12.2012 ൽ മറുപടിക്ക്

**ചോദ്യം**  **ഉത്തരം**

ശ്രീ.കെ.ശിവദാസൻ നായർ :
ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ.എ.പി. അബ്ദുള്ളക്കുട്ടി :
ശ്രീ.വി.പി. സജീന്ദ്രൻ :

ശ്രീ.പി.കെ. അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

## അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം

| | | | |
|---|---|---|---|
| എ) | അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന് തുടക്കം കുറിച്ചിട്ടുണ്ടോ വിശദമാക്കുമോ; | എ) | ഉണ്ട്. സംസ്ഥാനത്തെ 23 സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലും 14 സർക്കാർ കോളേജുകളിലും ആദ്യഘട്ടമായി പദ്ധതി ആരംഭിച്ചു കഴിഞ്ഞു. നടപ്പ് വർഷം 41 സർക്കാർ കോളേജുകളിലും 140 സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലും ഈ പദ്ധതി നടപ്പാക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് |
| ബി) | പ്രോഗ്രാമിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും സവിശേഷതകളും എന്തൊക്കെയാണ്; | ബി) | സംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക് തൊഴിൽ നൈപുണ്യം നൽകി വിവിധ മേഖലകളിൽ വൈദഗ്ദ്ധ്യമുള്ള ഒരു തലമുറയെ വാർത്തെടുക്കുന്നതിനുദ്ദേശിച്ചിട്ടുള്ള പദ്ധതിയാണ് അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം. സംസ്ഥാനത്തെ ഹയർ സെക്കണ്ടറി സ്കൂളുകളിലും കോളേജുകളിലും പഠനത്തിനു ചേർന്നിട്ടുള്ള കുട്ടികൾക്ക് പഠനത്തോടൊപ്പം അധികമായി നൈപുണ്യം നൽകി തൊഴിൽ വൈദഗ്ദ്ധ്യമുള്ളവരാക്കി തീർക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.<br><br>ഹയർ സെക്കണ്ടറി തലത്തിലും ആർട്ട്സ് ആന്റ് സയൻസ് കോളേജുകളിലും ഒന്നാം വർഷം പഠനത്തിനു ചേരുന്ന കുട്ടികൾക്കാണ് ഇപ്പോൾ നൈപുണ്യ വികസനത്തിനുള്ള പരിശീലനം നൽകുക. |
| സി) | വിദ്യാർത്ഥികളുടെ തൊഴിൽ സാദ്ധ്യതകളും ആത്മ വിശ്വാസവും വർദ്ധിപ്പിക്കാനുതകുന്ന | സി) | ഈ പദ്ധതിയിൽ തൊഴിൽ നൈപുണ്യ പരിശീലനം സംബന്ധിച്ച കരിക്കുലം തയ്യാറാക്കുന്നതും പരിശീലനം നടത്തുന്നതും തൊഴിൽ ദാതാവായ വ്യവസായ മേഖലയുടെ സഹകരണത്തോടെയായിരിക്കും. |

| | | | |
|---|---|---|---|
| | എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | | പഠനപ്രക്രിയയുടെ 55 ശതമാനത്തിലധികം പ്രയോഗിക പഠനമായിരിക്കും ഇതിൽ ഇന്റേണൽഷിപ്പും വ്യവസ്ഥ ചെയ്യുന്നു. വിദ്യാർത്ഥികളുടെ ആത്മവിശ്വാസവും ഇതുവഴി വർദ്ധിക്കും. 100 മണിക്കൂർ ദൈർഘ്യമുള്ള കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, 80 മണിക്കൂർ ദൈർഘ്യമുള്ള വിവരസാങ്കേതിക വിദ്യ, 120 മുതൽ 200 മണിക്കൂർ വരെ ദൈർഘ്യമുള്ള തൊഴിൽ നൈപുണ്യഘടകം എന്നിവ പാഠ്യപദ്ധതിയിൽ അടങ്ങുന്നു. ഇത്തരത്തിൽ ശാസ്ത്രീയ പഠനപരിശീലനങ്ങളിലൂടെ കാലികപ്രധാന്യമുള്ള തൊഴിൽ മേഖലകളിൽ നേരിട്ടുതൊഴിലിൽ പ്രവേശിക്കുന്നതിന് അനുയോജ്യരായ, തൊഴിൽ നൈപുണ്യമുള്ള ഒരു യുവതലമുറയെ സൃഷ്ടിക്കുകയാണ് പദ്ധതി ലക്ഷ്യം. |
| ഡി) | ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഇവ നടപ്പാക്കുന്നതെന്നറിയിക്കുമോ? | ഡി) | സംസ്ഥാന പൊതു വിദ്യാഭ്യാസ വകുപ്പ്, ഉന്നത വിദ്യാഭ്യാസ വകുപ്പ് എന്നിവ സംയുക്തമായിട്ടാണ് പദ്ധതി നടപ്പിലാക്കുക. പഠനത്തിലെ തൊഴിൽ നൈപുണ്യം സംബന്ധിച്ച സിലബസ് തയ്യാറാക്കുന്നതും പരിശീലനം നൽകുന്നതും വിവിധ വ്യാവസായിക അസോസിയേഷനുകൾ /കൗൺസിലുകൾ /ട്രയിനിംഗ് ഏജൻസികൾ എന്നിവ വഴിയായിരിക്കും. ഉദാഹരണമായി ഐ.ടി നൈപുണ്യം സംബന്ധിച്ച മൊഡ്യൂളിനു രൂപം നൽകിയത്; സോഫ്റ്റ് വെയർ കമ്പനികളുടെ ദേശീയ സംഘടനയായ നാസ്കോമും ഫിനാൻഷ്യൽ സർവ്വീസസ് കോഴ്സിനുള്ള മൊഡ്യൂളിന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോസ്റ്റ് ആന്റ് വർക്ക്സ് അക്കൗണ്ടന്റ്സ് ഓഫ് ഇൻഡ്യയുമായി സഹകരിച്ചാണ് തയ്യാറാക്കിയിട്ടുള്ളത്. മറ്റ ഏജൻസികളായി ബി..എസ് .എൻ .എൽ റബ്ബർ ബോർഡ്, സ്റ്റോക്ക് എക്സ്ചേഞ്ചുകൾ തുടങ്ങിയവയുടെ കോഴ്സുകളും ഉടൻ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ